**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 27** **05-12-2022 - ൽ മറുപടിയ്ക്ക്**

**റീബിൽഡ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | റീബിൽഡ് കേരള പദ്ധതി വഴി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ഇനിയും അനുമതി ലഭിക്കാത്തവയ്ക്ക് അനുമതി ലഭ്യമാക്കി നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | റീബിൽഡ് കേരള പദ്ധതിവഴി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ റീബിൽഡ് കേരളയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായുള്ളവ ഇമ്പ്ലിമെന്റേഷൻ കമ്മിറ്റി പരിശോധിച്ച്, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആർ.കെ.ഐ ഉന്നതാധികാര സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയാണ് ചെയ്തുവരുന്നത്. |
| (ബി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട തൃക്കൂർ പഞ്ചായത്തിലെ എസ്.എം.എസ്. റോഡിന്റെ നിർമ്മാണം റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് അനുമതി ലഭ്യമാക്കുമോ; | (ബി) | 06/10/2020-ലെ സ.ഉ (സാധാ)നം.1835/2020/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഫേസ്-2 ൽ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകളുടെ പട്ടികയിൽ പുതുക്കാട് മണ്ഡലത്തിൽപ്പെട്ട തൃക്കൂർ പഞ്ചായത്തിലെ എസ്.എം.എസ് റോഡ് ഉൾപ്പെടുന്നുണ്ട്.<br><br>നിലവിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ പൂർത്തിയായ ശേഷം, ഫണ്ടിന്റെ ലഭ്യത അനുസരിച്ചാകും രണ്ടാം ഘട്ടത്തിലെ റോഡുകൾ ഏറ്റെടുക്കുന്നത്. |
| (സി) | പ്രസ്തുത റോഡ് നിർമ്മാണം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ? | (സി) | 06/10/2020-ലെ സ.ഉ (സാധാ)നം.1835/2020/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഫേസ്-2 ൽ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകളുടെ പട്ടികയിൽ പുതുക്കാട് മണ്ഡലത്തിൽപ്പെട്ട തൃക്കൂർ പഞ്ചായത്തിലെ എസ്.എം.എസ് റോഡ് ഉൾപ്പെടുന്നുണ്ട്.<br><br>നിലവിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ പൂർത്തിയായ ശേഷം, ഫണ്ടിന്റെ ലഭ്യത അനുസരിച്ചാകും രണ്ടാം ഘട്ടത്തിലെ റോഡുകൾ ഏറ്റെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ